"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി. ഷീബാറാണി കെ.എൽ.-ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.594/2026/LSGD തീയതി, തിരുവനന്തപുരം, 05-03-2026

---

പരാമർശം:-
1. 10.05.2013-ലെ 42/2013/ധന നമ്പർ പരിപത്രം
2. 28.11.2013-ലെ സ.ഉ.(അ) നമ്പർ. 580/2013/ധന
3. 27.02.2023-ലെ സ.ഉ.(സാധാ) നം. 496/2023/തസ്വഭവ
4. 05.02.2024-ലെ സ.ഉ.(സാധാ) നം. 292/2024/തസ്വഭവ
5. 06.02.2025-ലെ സ.ഉ.(സാധാ) നം. 367/2025/തസ്വഭവ
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 07/02/2026-ലെ A1-90/TLSGIs/2026 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് III -ലെ എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീമതി.ഷീബാറാണി.കെ.എൽ.നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവനവ്യവസ്ഥയിൽ പരാമർശം (3) പ്രകാരം നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി പരാമർശം (4), (5) എന്നിവ പ്രകാരം യഥാക്രമം 21.03.2024 മുതലും, 21.03.2025 മുതലും ഓരോ വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ടിയാളുടെ അന്യത്രസേവനകാലാവധി 21/03/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ പരാമർശം (6) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ടിയാളുടെ അന്യത്രസേവനകാലാവധി 21/03/2026 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിക്കാൻ തടസ്സമില്ലെന്ന് ബഹു.കേരള ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന പാലക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോർട്ട് III-ലെ, എൽ.ഡി.ടൈപ്പിസ്റ്റായ ശ്രീമതി. ഷീബാറാണി കെ.എൽ.ന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച്

പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 21/03/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

ട്രൈബ്യൂണൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ കാര്യാലയം, തിരുവനന്തപുരം
രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം
ശ്രീമതി. ഷീബാറാണി കെ.എൽ. (രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ഇ&ആർ.എസ്.എ.), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി: (LSGD-IA2/24/2026-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 05-03-2026 15:40:25